പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1513 — 13.07.2016 ൽ - മറുപടിക്ക്

# റേഷൻകാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡി.കെ. മുരളി : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടി ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടി ആരംഭിച്ചത് 16.07.2014-ൽ ആണ്. |
| (ബി) | റേഷൻകാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ബി) | റേഷൻ കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ പൂർണ്ണമായും ഡേറ്റാ എൻട്രി ചെയ്തിരുന്നു എങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ചേർക്കുന്നതിനുമായി ഡേറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കട വഴി കാർഡുടമകൾക്ക് വിതരണം ചെയ്തിരുന്നു. ഈ പ്രിന്റൗട്ടുകൾ തിരികെ വാങ്ങി ആയതിന്റെ ഡേറ്റാ എൻട്രിയും 2016 ജനുവരി അവസാനത്തോടുകൂടി പൂർത്തീകരിച്ചിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് മുൻഗണനാ കുടുംബങ്ങളുടെ റാങ്കിംഗ് നടത്തി മുൻഗണനാ/മുൻഗണനാ ഇതര പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അതിൻമേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കാൻ തദ്ദേശസ്വയംഭരണ തലത്തിൽ വെരിഫിക്കേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

Thulasi

സെക്ഷൻ ഓഫീസർ